ബാലുശ്ശേരിയിലെ ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം

236 (1661) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരിയിലെ ഭക്ഷ്യസംസ്കരണ പോഷകാഹാര കേന്ദ്രം കുടുംബശ്രീ മിഷന് കൈമാറുന്നത് സംബന്ധിച്ച നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് കുടുംബശ്രീ മിഷന്റെ അഭിപ്രായം അറിയിക്കുകയോ, കേന്ദ്രം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ബാലുശ്ശേരിയിലെ ഭക്ഷ്യസംസ്കരണ പോഷകാഹാര കേന്ദ്രം കുടുംബശ്രീ മിഷന് കൈമാറുന്നത് സംബന്ധിച്ച നടപടികൾ ആരംഭഘട്ടത്തിലാണ്. 25-11-2013, 26-12-2013 എന്നീ തീയതികളിലെ ഗവൺമെന്റ് സെക്രട്ടറിതല പ്ലാൻ റിവ്യൂ മീറ്റിംഗിലെ നിർദ്ദേശാനുസരണം ടി സ്ഥാപനത്തിന്റെ ആസ്തി ബാധ്യതാ വിവരങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ഗ്രാമവികസന കമ്മീഷണർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ എപ്രകാരം പ്രസ്തുത യൂണിറ്റ് കുടുംബശ്രീ മിഷന് കൈമാറാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച വിവരങ്ങൾ കൂടി ലഭ്യമാക്കുവാൻ ഗ്രാമവികസന കമ്മീഷണർക്കും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായതിന് ശേഷമേ ഇതിൽ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

മലപ്പുറം കുറുവ പഞ്ചായത്തിലെ സമ്പൂർണ്ണ പെൻഷൻ പദ്ധതി

237 (1662) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ കുറുവ പഞ്ചായത്തിലെ നാലാം വാർഡിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് എന്നും, ആരിൽ നിന്നൊക്കെ ഏതെല്ലാം പെൻഷൻ പദ്ധതികൾക്കാണ് അപേക്ഷ ലഭിച്ചതെന്നും വിശദമാക്കാമോ ;

(ബി) ഇതിമേലുള്ള നടപടി ഏതുവരെയായെന്നും എന്നത്തേക്ക് ഇവർക്ക് പെൻഷൻ നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly